ഉത്തരം

(എ) സംസ്ഥാനത്ത് വിവിധതരം സോയിൽ സർവ്വെ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ആസൂത്രണ പ്രവർത്തനങ്ങൾക്കാവശ്യമായ ശീഘ്ര സോയിൽ സർവ്വെ സംസ്ഥാനത്തെ 14 ജില്ലകളിലും പൂർത്തിയായിട്ടുണ്ട്. വിശദ സോയിൽ സർവേ, തീവ്ര സോയിൽ സർവേ എന്നീ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടില്ല.

(ബി) ഉണ്ട്.

(സി) മാപ്പും റിപ്പോർട്ടും പദ്ധതി നടപ്പാക്കുന്ന ഏജൻസികൾ/വകുപ്പുകൾ മുഖേനയാണ് കർഷകന് എത്തിക്കുന്നത്.

(ഡി) സോയിൽ സർവ്വെ റിപ്പോർട്ടിലും മാപ്പിലും നിർദ്ദേശിക്കുന്ന തരത്തിലുള്ള ഭൂവിനിയോഗ ക്രമവും കൃഷി രീതികളും കാര്യക്ഷമമായ തോതിൽ പദ്ധതി നടപ്പാക്കുന്ന ഏജൻസികൾ ഉപയോഗപ്പെടുത്തുന്നുണ്ട്.

പ്ലാന്റേഷൻ കോർപ്പറേഷൻ തോട്ടങ്ങളിലെ കൂലി കുടിശ്ശിക

77 [2941] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാന്റേഷൻ കോർപ്പറേഷൻ തോട്ടങ്ങളിൽ ജോലിചെയ്തിരുന്ന തൊഴിലാളികളുടെ മൂന്നര മാസത്തെ കൂലി കുടിശ്ശിക നൽകുന്നതിന് പരിഹാരമുണ്ടാക്കിയോ; എങ്കിൽ എങ്ങിനെയെന്ന് വ്യക്തമാക്കാമോ;

(ബി) പേരാമ്പ്ര എസ്റ്റേറ്റിലെ തൊഴിലാളികളുടെ കൂലി കുടിശ്ശിക പൂർണ്ണമായി നൽകിയോയെന്ന് വ്യക്തമാക്കാമോ;

(സി) കുടിശ്ശിക നൽകിയിട്ടില്ലെങ്കിൽ എപ്പോൾ നൽകുമെന്ന് അറിയിക്കാമോ;

(ഡി) കൂലി കുടിശ്ശിക മാസങ്ങളിലെ പി.എഫ്., ബോണസ്, ലീവാനുകൂല്യങ്ങൾ എന്നിവ എങ്ങനെ പരിഹരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഇ) റബ്ബറിന് വില വർദ്ധിച്ച സാഹചര്യത്തിൽ പ്ലാന്റേഷൻ കോർപ്പറേഷനിലെ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ പരിഷ്ക്കരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്ലാന്റേഷൻ കോർപ്പറേഷന്റെ സാമ്പത്തിക പ്രതിസന്ധി മൂലം 2001 ജൂലൈ മുതൽ 2001 ഒക്ടോബർ വരെയുള്ള 4 മാസത്തെ ശമ്പളം വിതരണം ചെയ്തിട്ടില്ല. കോർപ്പറേഷന്റെ നിലനിൽപ്പ് മുന്നിൽ കണ്ടുകൊണ്ട് മാനേജുമെന്റും യൂണിയനുകളുമായി ഒരു ചർച്ച നടത്തുകയും, അതിന്റെ അടിസ്ഥാനത്തിൽ 4 മാസത്തെ ശമ്പളം വേണ്ടന്നു വെയ്ക്കുന്ന ഒരു കരാറിൽ മിക്ക യൂണിയനുകളും ഒപ്പുവെയ്ക്കു

LIBRARY ARCHIVES Kerala Legislative Assembly

കയും ചെയ്തു. ഈ കരാറിൻ പ്രകാരം ജീവനക്കാരുടെ അടിയന്തിരാവശ്യങ്ങൾ നിറവേറ്റുന്നതിന് ഒരു വെൽഫെയർ ഫണ്ട് രൂപീകരിച്ചു. ഫണ്ടിൽ നിന്നും 2 കോടി 55 ലക്ഷം രൂപ വിതരണം ചെയ്തുകഴിഞ്ഞു. ബാക്കിയുള്ള ഏകദേശം 95 ലക്ഷം രൂപകൂടി വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പേരാമ്പ്ര എസ്റ്റേറ്റിൽ വെൽഫെയർ ഫണ്ടിൽ നിന്നും 18.3 ലക്ഷം രൂപ വിതരണം ചെയ്തുകഴിഞ്ഞു. ബാക്കി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

(സി) വെൽഫെയർ ഫണ്ടിൽ നിന്നും തുക വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്.

(ഡി) പി.എഫ്. സംബന്ധിച്ച കേസ് പി.എഫ്. ട്രൈബ്യൂണലിന്റെ പരിധിയിലാണ്. മറ്റ് ആനുകൂല്യങ്ങൾ നൽകുന്നതിനെ സംബന്ധിച്ച് യൂണിയനുകളുമായി ഏകദേശ ധാരണയായിക്കഴിഞ്ഞു.

(ഇ) തൊഴിലാളികളുടെ കൂലി വർദ്ധനവിനെ സംബന്ധിച്ചും മറ്റ് ആനുകൂല്യങ്ങൾ സംബന്ധിച്ചും പ്ലാന്റേഷൻ ലേബർ കമ്മിറ്റിയാണ് തീരുമാനമെടുക്കേണ്ടത്. പി.എൽ.സി. ഇക്കാര്യത്തിൽ ഇതുവരെ തീരുമാനമെടുത്തിട്ടില്ല.

പ്ലാന്റേഷൻ കോർപ്പറേഷൻ ജീവനക്കാരുടെ ശമ്പള കുടിശ്ശിക

78 [2942] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലാന്റേഷൻ കോർപ്പറേഷൻ ഇപ്പോൾ ലാഭത്തിലാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോർപ്പറേഷനിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് എത്ര മാസത്തെ ശമ്പളം കുടിശ്ശികയായി നൽകാനുണ്ടെന്ന് അറിയിക്കാമോ;

(സി) ശമ്പള കുടിശ്ശിക നൽകാത്തതിനുള്ള കാരണമെന്താണെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത തുക എന്ന് നൽകും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2003-04 മുതൽ കോർപ്പറേഷൻ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്.

(ബി) സാമ്പത്തിക പ്രതിസന്ധി കാരണം 2001 ജൂലൈ മുതൽ ഒക്ടോബർ വരെയുള്ള നാലു മാസത്തെ ശമ്പളം വിതരണം ചെയ്തിരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly